(1)	(2)	(3)	(4)
7	സഹായദാസ്	റിസർച്ച് ഓഫീസർ	30934
8	ലളിത. എം	ലൈബ്രേറിയൻ	33171

പത്രമാധ്യമങ്ങളിൽ ഒഴിവ് പരസ്യപ്പെടുത്തി ഇന്റർവ്യൂ നടത്തി യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നിയമനം നടത്തിയിട്ടുള്ളത്.

മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് നൽകാത്തതിന്റെ കാരണം

58 (2062) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ പുളിങ്കുന്ന് സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്. അദ്ധ്യാപിക ശ്രീമതി കൊച്ചു റാണി ജോസഫിന്റെ പിതാവിന്റെ ഹൃദയസംബന്ധമായ അസുഖത്തിന് ചികിത്സിച്ചതിന്റെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് ഒരു വർഷത്തിനുശേഷവും നൽകാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇവരുടെ മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രീമതി കൊച്ചുറാണി ജോസഫ് നേരിട്ട് ആരോഗ്യവകുപ്പ് സെക്രട്ടറിക്ക് മെഡിക്കൽ റീ ഇംപേഴ്സ്മെന്റിനായുള്ള അപേക്ഷ നൽകിയിരുന്നു. പ്രസ്തുത അപേക്ഷ ബന്ധപ്പെട്ട രേഖകളുടെ അസൽ സഹിതം മേലധികാരി മുഖേന പൊതുവിദ്യാഭ്യാസ വകുപ്പുവഴി ആരോഗ്യകുടുംബക്ഷേമവകുപ്പിൽ ലഭ്യമാക്കുവാൻ അപേക്ഷകയ്ക്ക് നിർദ്ദേശം നല്കിയിരുന്നു. ഇപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ അന്തർജില്ലാ നിയമനങ്ങൾക്കും പ്രൊമോഷൻ നിയമനങ്ങൾക്കുമായി നീക്കിവച്ച ഒഴിവുകൾ

59 (2063) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികയിൽ അന്തർ ജില്ലാ നിയമനങ്ങൾക്കും, പ്രൊമോഷൻ നിയമനങ്ങൾക്കുമായി നീക്കിവച്ച എത്ര ഒഴിവുകൾ വീതം നിലവിലുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ബി) ഓരോ ജില്ലയിലും ഈ തസ്തികയിൽ ഇപ്പോൾ ദീർഘകാല അവധി ഒഴിവുകളുൾപ്പെടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly